ഏർപ്പെടുത്തി. എച്ച്.ടി./ഇ.എച്ച്.ടി. വ്യവസായങ്ങൾക്ക് നേരത്തേ പ്രഖ്യാപിച്ചിരുന്നതിനേക്കാൾ 5 ശതമാനം ഇളവ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനത്തിലെ വർദ്ധനവ്

123 (906)ശ്രീമതി കെ.ആർ ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുമാത്രം വർദ്ധനവാണുണ്ടായിട്ടുള്ളത്;

(ബി) വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉൽപ്പാദനം വർദ്ധിക്കുകയും ജലസംഭരണികളിലെ ജലനിരപ്പ് ഉയരുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപിത ശേഷിയിൽ ഉണ്ടായ വർദ്ധനവിനനുസൃതമായി 1929.7085 മില്യൻ യൂണിറ്റ് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി)&(സി) വൈദ്യുതി ഉൽപ്പാദനത്തിലെ അപര്യാപ്തത കൊണ്ടല്ല ലോഡ് ഷെഡ്ഡിംഗ് നടപ്പിലാക്കിയിട്ടുള്ളത്. മറിച്ച് പ്രസരണ വിതരണ ശൃംഖലയുടെ ശേഷിക്കുറവ് കാരണമാണ് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻ കഴിയാത്തത്. ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിച്ചാൽ പീക്ക് ലോഡ് സമയത്ത് ഇപ്പോൾ തന്നെ പൂർണ്ണശേഷിയിൽ പ്രവർത്തിക്കുന്ന പ്രസരണ വിതരണ ലൈനുകൾ ഓവർ ലോഡ് ആകുകയും വൈദ്യുതി വിതരണം തടസ്സങ്ങൾ ഉണ്ടാകാൻ സാദ്ധ്യത കൂടുകയും ചെയ്യും.

വൈദ്യുതിയുടെ സ്ഥാപിതശേഷിയിൽ ഉണ്ടായ വർദ്ധനവ്

124 (907)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിയുടെ സ്ഥാപിതശേഷിയിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്;

(ബി) രണ്ടായിരാമാണ്ട് അവസാനത്തോടെ സ്ഥാപിതശേഷി എത്രയാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്ത് പവർകട്ട് എപ്പോൾ പൂർണ്ണമായും പിൻവലിക്കാൻ കഴിയും;

(ഡി) കേരളത്തിലെ വിവിധ വൈദ്യുതപദ്ധതികളിൽ (ജല-താപ-ഡീസൽ) ഇപ്പോഴത്തെ ഉൽപ്പാദന ചെലവ് യൂണിറ്റ് ഒന്നിന് എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly